ഐ. ടി. ഐ.-കൾ നവീകരിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി

23 [2673] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഐ. ടി. ഐ-കൾ നവീകരിക്കുന്നതിനും ആധുനിക കോഴ്സുകൾ ഏർപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിയത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇതുപ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ഐ. ടി. ഐ.-കളെ വികസനത്തിന് തെരഞ്ഞെടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഐ. ടി. ഐ. നവീകരണത്തിന് കേന്ദ്രത്തിന്റെ സാമ്പത്തിക സഹായം ലഭിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പത്താം പഞ്ചവൽസര പദ്ധതിക്കാലത്ത് രാജ്യത്തെ 100 ഐ. ടി. ഐ.-കളെ നവീകരിക്കുന്നതിനും ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടെന്നും ഇതിനായി പ്രൊപ്പോസൽ അയയ്ക്കുവാനും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡി. ജി. ഇ. റ്റി.) ന്യൂഡൽഹി ആവശ്യപ്പെട്ടിരുന്നു. ഓരോ സംസ്ഥാനത്തുനിന്നും പരമാവധി 8 ഐ. ടി.-ഐ.കളെ ഈ കേന്ദ്ര സർക്കാർ സഹായ പദ്ധതിക്കായി തെരഞ്ഞെടുക്കാമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഐ. ടി. ഐ.-കളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ പുതുക്കിപ്പണിയൽ, യന്ത്രോപകരണങ്ങളുടെ സംഭരണം, പ്രസ്തുത ഐ. ടി. ഐ.-കളും ഡയറക്ടറേറ്റുമായി നെറ്റ്വർക്ക് ഏർപ്പെടുത്തൽ, പലവക എന്നീ ഘടകങ്ങൾക്കായി 75:25 നിരക്കിൽ ചെലവ് കേന്ദ്ര-സംസ്ഥാനങ്ങൾ വഹിക്കണം.

(സി) കേരളത്തിലെ 8 ഐ. ടി. ഐ.-കളെ ഇതിനായി തെരഞ്ഞെടുക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഐ. ടി. ഐ.-കളുടെ നവീകരണത്തിനായി 1050 ലക്ഷം രൂപയുടെ (കേന്ദ്രവിഹിതം 840 ലക്ഷം, സംസ്ഥാന വിഹിതം 210 ലക്ഷം) പ്രൊപ്പോസൽ ഡി. ജി. ഇ. റ്റി.-ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രതലത്തിൽ അന്തിമ തീരുമാനം ഇതുവരെയും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly